DESPATCHED On.22/1/2020

21/1/20



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP No.2258(2)/2019/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*16451/എസ്.ഐ.സി–ജി 6/2019*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ടി.പി.വേണുഗോപാൽ,<br>ഗായത്രി ഹൗസ്, പുത്തൻഗ്രാമം,<br>കുനിശ്ശേരി പി.ഒ, പാലക്കാട് – 678 681. | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പഞ്ചായത്ത് ഡയറക്ടറാഫീസ്,<br>പബ്ലിക് ഓഫീസ് പി.ഒ – 695 033.<br>2. അപ്പീൽ അധികാരി,<br>പഞ്ചായത്ത് ഡയറക്ടറാഫീസ്,<br>പബ്ലിക് ഓഫീസ് പി.ഒ – 695 033. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17.07.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.08.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.10.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11.10.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15.10.2019 |
| ഹിയറിംഗ് തീയതി & സ്ഥലം | 17.01.2020 & സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ് പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ടി.പി.വേണുഗോപാൽ 11.10.2019 ന് സമർപ്പിച്ച അപ്പീൽ ഹർജി 15.10.2019 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2258(2)/2019/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും കൃത്യമായ മറുപടി ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണ മെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 17.07.2019 ൽ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് LSGD(RB) വകുപ്പിന്റെ 20.04.2018 ലെ 133/RBI/18/LSGD കത്തിന് വിധേയമായി C-8-7801/17 എന്ന ഫയലുമായി ബന്ധപ്പെട്ട് പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി കൾ സ്വീകരിച്ചിട്ടുണ്ട് എന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു.

4. ഒന്നാം എതിർകക്ഷി 03.12.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 17.07.2019 ന് അപേക്ഷ സമർപ്പിച്ചിരു ന്നുവെങ്കിലും പ്രസ്തുത അപേക്ഷയിന്മേൽ മറുപടി ലഭ്യമായിട്ടില്ലായെന്ന് കാണിച്ച് 26.08.2019 ന് അപ്പീൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാ നത്തിൽ ഓഫീസിൽ ലഭ്യമായ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചുവെങ്കിലും ടിയാന്റെ 17.07.2019 ലെ 6(1) അപേക്ഷ ഓഫീസിൽ ലഭിച്ചിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ടിയാൻ വിവരാവകാശ നിയമം വകുപ്പ് 19(1) പ്രകാരം സമർപ്പിച്ച അപേക്ഷ നിലനിൽക്കുന്നതല്ലായെന്ന് 16.10.2019 ലെ PAN/12029/2019-D10(DP) നമ്പർ കത്ത് പ്രകാരം അപ്പീൽ ഹർജിക്കാരനെ അറിയിക്കുകയും ചെയ്തുവെ ന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 13.01.2020 ൽ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച 6(1) അപേക്ഷ ഓഫീസിൽ ലഭ്യമാകാത്തതിനാലാണ് മറുപടി നൽകാതിരുന്നതെന്നും ടിയാൻ സമർപ്പിച്ച അപ്പീലിന്മേൽ ലഭ്യമായ വിവരങ്ങൾ നൽകിയതായും കമ്മീഷൻ വിലയിരുത്തുന്നു. അപ്പീൽ ഹർജിക്കാരന്റെ അപ്പീൽ

അപേക്ഷയിന്മേൽ ലഭ്യമാക്കാൻ കഴിയുന്ന വിവരങ്ങൾ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. ടി സാഹചര്യത്തിൽ ടി അപ്പീലിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ജനുവരി 21– ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION